മാതൃഭൂമി

24 January 2024

# സമുദ്ര ജൈവവൈവിധ്യത്തെ അറിയാം: സി.എം.എഫ്.ആർ.ഐ.യിൽ പരിശീലനം

കൊച്ചി▸ ബിരുദാനന്തരബിരുദ വിദ്യാർഥികൾക്കും യുവഗവേഷകർക്കും സമുദ്ര ജൈവ വൈവിധ്യത്തെക്കുറിച്ച് ശാസ്ത്രീയ അറിവുകൾ പകർന്നുനൽകാനായി കേന്ദ്ര സമുദ്ര മത്സ്യഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ.) പരിശീലന പരിപാടി സംഘടിപ്പിക്കും.

'നോ യുവർ മറൈൻ ബയോഡൈവേഴ്സിറ്റി ആൻഡ് എൻവയൺമെന്റ്' എന്ന പേരിൽ ഫെബ്രുവരി അഞ്ചുമുതൽ ഒൻപതുവരെ സി.എം.എഫ്.ആർ.ഐ.യിൽ പരിപാടി നടക്കും. സമുദ്ര ജൈവവൈവിധ്യം, ടാക്സോണമി, പാരിസ്ഥിതിക വെല്ലുവിളികൾ തുടങ്ങിയവയെക്കുറിച്ച് ആഴത്തിലുള്ള ധാരണനൽകും. കടൽവിഭവങ്ങൾ വിലയിരുത്തുന്നതിനും കൈകാര്യം ചെയ്യുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ശാസ്ത്രീയ കഴിവുകൾ സ്വന്തമാക്കുന്നതിനും പരിശീലനം നൽകും.

കാലാവസ്ഥാ വ്യതിയാനവും മലിനീകരണവും ഉൾപ്പെടെ വർധിച്ചുവരുന്ന ഭീഷണികളുടെ പശ്ചാത്തലത്തിൽ പരിശീലനപരിപാടിക്ക് ഏറെ പ്രാധാന്യമുണ്ടെന്ന് സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ പറഞ്ഞു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ സി.എം.എഫ്.ആർ.ഐ.യുടെ വെബ്സൈറ്റിൽ (www.cmfri.org.in) നൽകിയ ഗൂഗിൾ ഫോം ഉപയോഗിച്ച് ഓൺലൈനായി രജിസ്റ്റർ ചെയ്യാം. അവസാന തീയതി 29. പരമാവധി 30 പേർക്കാണ് പങ്കെടുക്കാനാവുക. വിവരങ്ങൾക്ക്: 83010 48849.